പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 463 **13-10-2026-ൽ മറുപടിയ്ക്ക്**

ജയിൽ പേരുമാറ്റം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ജയിൽ സ്ഥാപനങ്ങളുടെ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അവയുടെ പേര് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; ജയിൽ എന്ന വാക്ക് പൂർണ്ണമായും ഒഴിവാക്കി പുതിയ പേര് നൽകാനാണോ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

മറുപടി: കേരളത്തിലെ ജയിൽ സംവിധാനത്തെ 'തടവറ' എന്ന നിലയിൽ നിന്നും 'തിരുത്തൽ കേന്ദ്രം' എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി നിലവിലുള്ള ജയിൽ സ്ഥാപനങ്ങളുടെ പേര് മാറ്റി, ജയിൽ/പ്രിസൺ എന്നീ പദങ്ങൾ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് പുതിയ പേരുകൾ നൽകുന്നതിനുള്ള ശിപാർശ ജയിൽ വകുപ്പ് മേധാവി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) പ്രിസൺ അല്ലെങ്കിൽ ജയിൽ എന്ന പേരുകൾ തടവുകാരുടെ തിരുത്തൽ, മാനസാന്തരം, പുനരധിവാസം എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളെ പ്രതിഫലിപ്പിക്കുന്നവയല്ലെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണോ പേരുമാറ്റത്തിന് നടപടി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ജയിൽ, പ്രിസൺ എന്നീ പേരുകൾ സമൂഹത്തിൽ ഭയം സൃഷ്ടിക്കുന്നതിനും തെറ്റായ പ്രതിച്ഛായ ഉണ്ടാക്കുന്നതിനും കാരണമാകുന്നുവെന്ന് കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ?

മറുപടി: ജയിലുകൾ എന്നത് മനുഷ്യ മനസ്സുകളിൽ ഭയം ഉണ്ടാക്കുന്നതും പ്രിസൺ എന്നത് തടവറ എന്ന അർത്ഥം സൃഷ്ടിക്കുന്നതുമാണ്. ശിക്ഷാ നടപടികൾക്കിടയിലും അന്തേവാസികൾക്ക് അന്തസ്സുള്ള ജീവിതം ഉറപ്പാക്കുകയും പുനരധിവാസത്തിന് മുൻഗണന നൽകുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക, അന്തേവാസികളുടെ മാനസികാവസ്ഥയിലും സമൂഹത്തിന്റെ കാഴ്ചപ്പാടിലും പോസിറ്റീവായ ഒരു മാറ്റം കൊണ്ടു വരിക എന്നീ ഉദ്ദേശ്യത്തോടയാണ് ജയിലുകളുടെ പേര് മാറ്റുന്ന വിഷയം സർക്കാർ പരിശോധിക്കുന്നത്.

സെക്ഷൻ ഓഫീസർ